## പ്രധാനവാർത്തകൾ

1. **വയനാട് ഉരുൾപൊട്ടൽ മേഖലയിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന പുനരധിവാസമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ.**

2. **വയനാട് കേന്ദ്രീകരിച്ചുള്ള ടൂറിസം വ്യവസായം പഴയ നിലയിലാക്കാൻ സർക്കാർ പൂർണ പിന്തുണ നൽകുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.**

3. **ശ്രീകൃഷ്ണ ജയന്തി ആഘോഷത്തിൽ സംസ്ഥാനം ; ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി വർണാഭമായ ശോഭായാത്രകൾ.**

4. **ഹേമ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടായ ആരോപണങ്ങളിൽ സംസ്ഥാനത്ത് പ്രതിഷേധം ശക്തം.**

5. **സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത.**

*************************************

RNU TVPM

### ഇന്ത്യ-സിംഗപ്പൂർ സമ്മേളനം

രണ്ടാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം സിംഗപ്പൂരിൽ നടന്നു. കേന്ദ്രമന്ത്രിമാരായ നിർമല സീതാരാമൻ, എസ് ജയശങ്കർ,

അശ്വിനി വൈഷ്ണവ്, പിയൂഷ് ഗോയൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു. സിംഗപ്പൂർ പ്രതിനിധി സംഘത്തെ ഉപപ്രധാനമന്ത്രി ഗാൻ കിം യോങ്ങ് നയിച്ചു. ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്നതിനുള്ള പദ്ധതികളും നേതാക്കൾ ചർച്ച ചെയ്തു.

************************************

## വയനാട്

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു. വ്യാഴം വൈകിട്ട് ഓൺലൈനായാണ് യോഗം. ഉരുൾപൊട്ടലിൽ ഇനി 159 പേരെയാണ് കണ്ടെത്താനുള്ളത്.

************************************

RNU TVPM

## ഉരുൾപൊട്ടൽ - വയനാട്

വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുമെന്ന് Post Disaster Needs Assessment സംഘത്തിന് നേതൃത്വം നൽകുന്ന പ്രൊഫ.ആർ പ്രദീപ്കുമാർ. ദേശീയസംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജനപ്രതിനിധികൾ, ജില്ലാ ഭരണകൂടം എന്നിവരുമായി നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട മുഴുവൻ മേഖലകളിലും സമഗ്ര നിരീക്ഷണം ആവശ്യമാണെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന പുനരധിവാസമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

************************************

## വയനാട് 2

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി ഹയർ സെക്കന്ററി സ്കൂളിൽ നാളെ മുതൽ അധ്യയനം ആരംഭിക്കും. താൽകാലിക പുനരധിവാസത്തിന്റെ ഭാഗമായി മുഴുവൻ കുടുംബങ്ങളേയും മാറ്റി പാർപ്പിച്ചതിനെ തുടർന്നാണ് സ്കൂൾ തുറക്കുന്നത്. അതിനിടെ, ഇന്നലെ നടത്തിയ പ്രത്യേക തെരച്ചിലിൽ കണ്ടെത്തിയ ആറ് ശരീരഭാഗങ്ങളിൽ അഞ്ചെണ്ണം മനുഷ്യരുടേതാണെന്ന് കണ്ടെത്തി.

*********************************************

## മന്ത്രി പി എ മുഹമ്മദ് റിയാസ് - ടൂറിസം

വയനാട് ജില്ലയിലെ പ്രകൃതി ദുരന്തത്തെ തുടർന്ന് ടൂറിസം രംഗത്തുണ്ടായ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി മന്ത്രി പി എ മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ടൂറിസം സംരംഭകർ, സംഘടനകൾ തുടങ്ങിയവർ പങ്കെടുത്തു. ഉരുൾപൊട്ടൽ ടൂറിസം മേഖലയെ വലിയ തോതിൽ ബാധിച്ചതായി യോഗം വിലയിരുത്തി. വയനാട് കേന്ദ്രീകരിച്ചുള്ള ടൂറിസം വ്യവസായം പഴയ നിലയിലാക്കാൻ സർക്കാർ പൂർണ പിന്തുണ നൽകുമെന്ന് മന്ത്രി അറിയിച്ചു. ഇതിനായി സെപ്റ്റംബറിൽ പ്രത്യേക ക്യാമ്പയിൻ ആരംഭിക്കും.

*********************************************

## ശ്രീകൃഷ്ണ ജയന്തി -ആശംസ

രാജ്യത്തെ എല്ലാ പൗരന്മാർക്കും പ്രവാസി ഭാരതീയർക്കും രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ ജന്മാഷ്ടമി ആശംസകൾ നേർന്നു. സ്നേഹത്തിൻ്റെയും അനുകമ്പയുടെയും ധർമ്മത്തിൻ്റെയും മഹത്തായ സന്ദേശം ഓർമിപ്പിക്കുന്നതാണ് ഈ ദിനമെന്ന് ഗവർണർ ആരിഫ് മുഹമ്മദ്

RNU TVPM

ഖാൻ അഭിപ്രായപ്പെട്ടു. അധർമങ്ങൾക്കെതിരായ പോരാട്ടങ്ങൾക്ക് ശക്തി പകരുന്നതാകട്ടെ ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസ സന്ദേശത്തിൽ പറഞ്ഞു.

********************************

## ശ്രീകൃഷ്ണ ജയന്തി

ശ്രീകൃഷ്ണ ജയന്തി ദിനമായ ഇന്ന് ബാലഗോകുലത്തിൻറെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ വർണാഭമായ ശോഭായാത്രകൾ സംഘടിപ്പിച്ചു. തൃശൂരിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ശോഭായാത്ര ഉദ്ഘാടനം ചെയ്യു. കൃഷ്ണന്റെയും രാധയുടെയും വേഷങ്ങളണിഞ്ഞ ആയിരക്കണക്കിന് കുട്ടികൾ ശോഭായാത്രയിൽ അണിനിരന്നു. അഷ്ടമിരോഹിണി ദിനത്തിൽ ഗുരുവായൂർ ഉൾപ്പടെ മിക്ക ക്ഷേത്രങ്ങളിലും വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്. ഗുരുവായൂരിൽ സാംസ്കാരിക സമ്മേളനത്തിന്റെ ഉദ്ഘാടനവും ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര കലാ പുരസ്കാര സമർപ്പണവും മന്ത്രി വി.എൻ വാസവൻ നിർവഹിക്കും.

RNU TVPM

********************************

## ശ്രീകൃഷ്ണ ജയന്തി... ഇൻട്രോ

തിരുവനന്തപുരം ജില്ലയിൽ വർണാഭമായ ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങൾ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകൾ നടന്നു. ശോഭാ യാത്രയിൽ നിറപ്പകിട്ടാർന്ന വേഷങ്ങളണിഞ്ഞ കുരുന്നുകൾ പങ്കെടുത്തു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയ്സ്)

********************************

## ഹേമ കമ്മിറ്റി - പ്രതികരണം

ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ നിയമ വശങ്ങൾ നിയമ മന്ത്രി വിശദീകരിച്ചിട്ടുണ്ടെന്നും കൂടുതൽ ഒന്നും പറയാനില്ലെന്നും മന്ത്രി സജി ചെറിയാൻ ചെങ്ങന്നൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ സർക്കാരിന് ഇരട്ടത്താപ്പാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. തെറ്റുകാരെ നിയമത്തിന് മുന്നിൽ കൊണ്ടു വരണമെന്നും മന്ത്രി സജി ചെറിയാൻ രാജി വയ്ക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

***********************************

## ബിനോയ് വിശ്വം - പ്രേംകുമാർ

സിനിമ മേഖലയിലെ ആരോപണങ്ങളിൽ സി പി ഐ സ്ത്രീകൾക്കൊപ്പമാണെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകളെ അവഗണിച്ചുകൊണ്ട് മലയാള സിനിമയില്ലെന്നും കോൺക്ലേവ് എന്ന ആശയം തെറ്റല്ലെന്നും ശ്രീ ബിനോയ് വിശ്വം പറഞ്ഞു. ഹേമ കമ്മിറ്റി റിപ്പോർട്ട് നേരത്തെ പുറത്തു വരണമായിരുന്നെന്ന് ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേംകുമാർ അഭിപ്രായപ്പെട്ടു.

PNU TVPM

***********************************

## പൃഥ്വിരാജ്

സിനിമ മേഖലയിലെ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണങ്ങൾ ഉണ്ടാകണമെന്ന് നടൻ പൃഥ്വിരാജ്. സിനിമാരംഗത്തും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉണ്ടാകാനായാണ് ഹേമ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. താരസംഘടനയുടെ ഭാഗത്ത് നിന്നും

ശക്തമായ ഇടപെടലുകൾ വിഷയത്തിൽ ആവശ്യമാണെന്നും പൃഥ്വിരാജ് അഭിപ്രായപ്പെട്ടു.

*****************************************

## പ്രതിഷേധ സംഗമം

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിന്റെ നടപടികളിൽ പ്രതിഷേധിച്ച് യുഡിഎഫ് സെപ്റ്റംബർ 2 ന് തിരുവനന്തപുരത്ത് പ്രതിഷേധ സംഗമം സംഘടിപ്പിക്കും. പ്രതിപക്ഷ നേതാവ് വിഡി സതീശൻ പരിപാടി ഉദ്ഘാടനം ചെയ്യും. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടായ പരാതികളിൽ അന്വേഷണ സംഘം എത്രയും വേഗം നടപടികൾ പൂർത്തിയാക്കണമെന്ന് UDF കൺവീനർ എംഎം ഹസൻ ആവശ്യപ്പെട്ടു.

*****************************************

RIJU TVPM

## ഹേമ കമ്മീഷൻ - മഹിള കോൺഗ്രസ്

സ്ത്രീ സുരക്ഷ ഉറപ്പു വരുത്തണമെന്നും ഹേമ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് ആരോപണ വിധേയരായവർക്കെതിരെ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് കണ്ണൂർ ജില്ലാ കമ്മറ്റി പ്രതിഷേധ മാർച്ച് നടത്തി. ജില്ലാ പ്രസിഡന്റ് ശ്രീജ മഠത്തിലിന്റെ നേതൃത്വത്തിലായിരുന്നു മാർച്ച്.

*****************************************

## പ്രതിഷേധമാർച്ച്- ഹേമ കമ്മിറ്റി

പീഡന ആരോപണങ്ങളിൽ എം. മുകേഷ് എം.എൽ.എയുടെ രാജി ആവശ്യപ്പെട്ട് കൊല്ലത്ത് പ്രതിപക്ഷ സംഘടനകൾ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. യുവമോർച്ച, ബി.ജെ.പി, മഹിളാ മോർച്ച, മഹിളാ കോൺഗ്രസ്, എന്നീ സംഘടനകൾ പട്ടത്താനത്തെ മുകേഷിന്റെ വീട്ടിലേക്ക് മാർച്ച് നടത്തി.

*****************************************

## വള്ളസദ്യ... ഇൻട്രോ

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ അഷ്ടമിരോഹിണി വള്ളസദ്യയുടെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു. മന്ത്രി വീണാജോർജ്, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ തുടങ്ങിയവർ വിശിഷ്ടാതിഥികളായി..

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.........**

(വോയ്സ്)

***********************************

## മഴ

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കർണാടക തീരത്ത് മത്സ്യബന്ധനം വിലക്കി.

RNU TVPM

***********************************

## ജലനിരപ്പ് - ഷോളയാർ

വൃഷ്ടി പ്രദേശങ്ങളിൽ മഴ കനത്തതോടെ ഷോളയാർ ഡാമിലെ ജലനിരപ്പ് ഉയരുന്നു. അധികജലം ചാലക്കുടി പുഴയിലേക്ക് ഒഴുക്കുന്നതിനുള്ള പ്രരംഭ നടപടികളുടെ ഭാഗമായി മൂന്നാംഘട്ട മുന്നറിയിപ്പായ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണം.

***********************************

## എം.ബി രാജേഷ്

ഓണത്തോടനുബന്ധിച്ച് കുടുംബശ്രീ പുറത്തിറക്കുന്ന ഉത്പന്നങ്ങൾ മന്ത്രി എം.ബി രാജേഷ് തൃശ്ശൂരിൽ പുറത്തിറക്കി.

'ഫ്രഷ് ബൈറ്റ്സ്' എന്ന പേരിലാണ് കുടുംബശ്രീയുടെ ചിപ്സും ശർക്കര വരട്ടിയും വിപണിയിൽ എത്തുന്നത്. സംസ്ഥാനത്തുടനീളമുള്ള മുന്നൂറോളം യൂണിറ്റുകളിൽ നിന്നായി 700 ഓളം കുടുംബശ്രീ സംരംഭകരാണ് ഇതിൽ പങ്കാളികളാകുന്നത്.

***********************************

## സി ഡബ്ല്യു സി- പെൺകുട്ടി

കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിയായ പെൺകുട്ടി സി ഡബ്ല്യു സി യുടെ സംരക്ഷണയിൽ തുടരും. മാതാപിതാക്കൾക്കൊപ്പം പോകാൻ താത്പര്യമില്ലെന്ന് തിരുവനന്തപുരത്ത് ചേർന്ന സി ഡബ്ല്യു സി യുടെ പ്രത്യേക സിറ്റിങ്ങിൽ കുട്ടി അറിയിച്ചു. സിറ്റിങ്ങിൽ കുട്ടിയുടെ മാതാപിതാക്കളുടെ മൊഴിയും രേഖപ്പെടുത്തിയിരുന്നു.

***********************************

## അയ്യൻകാളി - ജയന്തി ആഘോഷം

സാമൂഹ്യ പരിഷ്കർത്താവായ അയ്യൻകാളിയുടെ 161- മത് ജയന്തി ആഘോഷം ബുധനാഴ്ച വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കും. വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ രാവിലെ മന്ത്രി ഒ ആർ കേളുവിന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് നടക്കുന്ന സമ്മേളനത്തിൽ മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും.

****************************************************************************************************
********

RNU TVPM